(എച്ച്) 26-10-1998 മുതൽ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ സൂപ്രണ്ടായി സേവനമനുഷ്ഠിക്കുന്നു.

(ഐ) ഉണ്ട്.

(ജെ) പരാതിയിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. മറുപടി കിട്ടുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ഷൊർണ്ണൂർ സർക്കാർ പ്രസ്സിന്റെ പ്രവർത്തനം

50 (2925) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ സർക്കാർ പ്രസ്സിലെ ട്രേഡു യൂണിയൻ പ്രവർത്തകരോടുള്ള പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ അത് പരിഹരിച്ച് പ്രസ്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയിന്മേൽ അച്ചടി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചശേഷം യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

പേസ്റ്റപ്പ് ആർട്ടിസ്റ്റിന്റെ ഒഴിവുകൾ

51 (2926) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന അച്ചടി വകുപ്പിന് കീഴിൽ ഇപ്പോൾ എത്ര പേസ്റ്റപ്പ് ആർട്ടിസ്റ്റിന്റെ തസ്തികകൾ ആണ് നിലവിൽ ഉള്ളത് ;

(ബി) പ്രസ്തുത തസ്തികയിൽ എപ്പോഴെല്ലാം ആണ് ഒഴിവ് ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) ഈ തസ്തികയിലേയ്ക്കുള്ള റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ ;

(ഡി) ഇതിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(ഇ) കാലാവധി തീരുന്നമുറയ്ക്ക് പ്രസ്തുത തസ്തികകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly